

SATURDAY 11-06-2022 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in    E-mail:piofibtvm@gmail.com    Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–11/06/2022.

1. കൃഷി വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിനുള്ളിലെ കൃഷി ബിനിനസ് കേന്ദ്രയിൽ. കുറ്റ്യാടി, മലയൻ ഗ്രീൻ എന്നീ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ വിൽപനയ്ക്കായി തയ്യാറായതായി കൃഷി ബിസിനസ് കേന്ദ്ര മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - AIF) നടപ്പിലാക്കുന്നു. ഈ പദ്ധതിയിലേക്ക് https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ നൽകാവുന്നതാണ്. സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉത്പാദന യൂണിറ്റ് (വിത്തുൽപാദനം, ടിഷ്യൂകൾച്ചർ നേഴ്സറി), ജൈവവള ഉത്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ), സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് ആന്റ് ഫ്ളോർ മിൽ, ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/പഞ്ചസാര സംസ്കരണം എന്നീ പദ്ധതികൾക്ക് ഈ ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട് കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്.

കുഞ്ഞൊന്നിനു 160 രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിമന്ത്രിയുടെ ഓഫീസിലെ ജീവനക്കാരും സെക്രട്ടറിയേറ്റ് ജീവനക്കാരും ചേർന്ന് ആരംഭിച്ച പച്ചക്കറികൃഷിക്ക് കവടിയാർ കൊട്ടാരത്തിന്റെയും പൂർണപിന്തുണ. ഒരേക്കർ ഭൂമി കൃഷി ചെയ്യുന്നതിനു വേണ്ടി അനുവദിച്ചിരിക്കുകയാണ് രാജകുടുംബം. പച്ചക്കറി കൃഷിക്കായി ഒരുക്കിയിട്ട നിലത്തിൽ രാജകുടുംബാംഗങ്ങളുടെ സാന്നിധ്യത്തിൽ കൃഷി മന്ത്രി പി. പ്രസാദ് തൈ നടീൽ ഉദ്ഘാടനം ചെയ്തു. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി തമ്പുരാട്ടി, മകൻ ആദിത്യവർമ്മ, മരുമകൾ രശ്മി വർമ്മ എന്നിവരും സെക്രട്ടറി ബാബു നാരായണനും ചടങ്ങിൽ സംബന്ധിച്ചു. തക്കാളി, വഴുതന, മുളക് എന്നീ പച്ചക്കറി തൈകൾ ആണ് ആദ്യഘട്ടത്തിൽ ജീവനക്കാർ നട്ടത്. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം കൃഷിക്കായി ഒരുക്കിയിട്ടുണ്ട്. കാർഷിക വികസനമാണ് ഏറ്റവും ആദ്യം വേണ്ടതെന്നും മറ്റെല്ലാ വികസനവും ആവശ്യമെങ്കിൽ മാത്രമേ വേണ്ടിയുള്ളൂ എന്നും ലക്ഷ്മിഭായി തമ്പുരാട്ടി അഭിപ്രായപ്പെട്ടു. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങളെ അവയെ കൊല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ നിയന്ത്രണ വിധേയമാക്കണമെന്നും തമ്പുരാട്ടി മന്ത്രിയോട് ആവശ്യപ്പെട്ടു. ചടങ്ങിൽ കൃഷിവകുപ്പ് സെക്രട്ടറി അലി അസ്ഗർ പാഷ ഐ എ എസ്, അടി അഡീ.സെക്രട്ടറി സാബിർ ഹുസൈൻ, കൃഷി അഡീഷണൽ ഡയറക്ടർമാരായ സുനിൽകുമാർ, രാജേശ്വരി എന്നിവരും മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്തു.

6. കേരളത്തിലെ ചെറിയ വളർത്തുമൃഗങ്ങളെ വളർത്തി ഉപജീവനം നയിക്കുന്ന കർഷകർക്കായി "സ്പർശം" വികസന പദ്ധതിയുമായി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല. സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന സംരംഭക വിഭാഗം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ പരിശീലനം മുതൽ വിപണനം, ഉപജീവനം തുടങ്ങി സമസ്ത മേഖലകളിലും ശാസ്ത്രീയമായ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇടപെടലുകൾ, അടുത്ത 3 വർഷത്തിനുള്ളിൽ ആദായകരമായ ആട്ടിൻ പാൽ, മാംസ മുയൽ വിപണനം, സാമ്പത്തിക വികസനം, മൃഗാരോഗ്യം ഏകാരോഗ്യം എന്നിവയാണ് ഈ പദ്ധതിയിലൂടെ സർവ്വകലാശാല ലക്ഷ്യമിടുന്നത്. സ്പർശം പദ്ധതിയുടെ ആദ്യഘട്ട പരിശീലന പരിപാടിയുടെ ഉദ്ഘാടനം ടി. സിദ്ധിക്ക് എം.എൽ.എ നിർവഹിച്ചു. പൊഴുതന ഗ്രാമ പഞ്ചായത്തിലെ വയനാട് അഗ്രിമാർക്കറ്റിംഗ് പ്രൊഡ്യൂസർ കമ്പനിയിൽപ്പെട്ട 150 ഓളം ആട് കർഷകരിൽ ആദ്യത്തെ 30 പേർക്കാണ് ആദ്യഘട്ട പരിശീലനം ആരംഭിച്ചത്.

7. ഭക്ഷ്യ സ്വയംപര്യാപ്തതയും സുരക്ഷിത ഭക്ഷണവും ലക്ഷ്യമിട്ട് സംസ്ഥാനസർക്കാർ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക് ' പദ്ധതി ഏറ്റെടുത്ത് കൃഷി ഉദ്യോഗസ്ഥർ കുടപ്പനക്കുന്ന് കൃഷി ഭവൻ അങ്കണത്തിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് കുടപ്പനകുന്ന് ഗവണ്മെന്റ് UP സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭഷണത്തിനായി നൽകിക്കൊണ്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബൈജു സൈമൺ ഉൽഘാടനം ചെയ്തു. പാതിരപ്പള്ളി വാർഡ് കൗൺസിലർ ശ്രീമതി കസ്തൂരി എം എസിന്റെ അധ്യക്ഷതയിൽ കൃഷി അസിസ്റ്റന്റ് ഷിനു വി എസ് യോഗത്തിന് സ്വാഗതം ആശംസിക്കുകയും കൃഷിഓഫീസർ ശ്രീമതി സ്നേഹമോൾ സേവ്യർ പദ്ധതി വിശദീകരിക്കുകയും ചെയ്തു. യോഗത്തിൽ കുടപ്പനകുന്ന് വാർഡ് കൗൺസിലർ ജയചന്ദ്രൻ, കിണവൂർ വാർഡ് കൗൺസിലർ സുരകുമാരി, കുടപ്പനകുന്ന് ഗവ: യു. പി സ്കൂൾ അധ്യാപകർ കാർഷിക വികസന സമിതി അംഗങ്ങൾ കർമ്മ സേന അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഭഷണവും കൃഷിയും എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികൾ വീടുകളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്ത് പാക്കറ്റും വിതരണം ചെയ്തു.

**പരിശീലന പരിപാടികൾ**

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ജൂൺ 13 മുതൽ 17 വരെ കോട്ടയത്തുള്ള

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **0481 2353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം **16,17 തീയതികളിൽ ആട് വളർത്തൽ, 23-ന് കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം